പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4738 26-06-2019-ലെ മറുപടിയ്ക്ക്

## കാർഷിക കടാശ്വാസ കമ്മീഷൻ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.വി.വിജയദാസ്** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാർഷിക കടാശ്വാസ കമ്മീഷൻ വഴി കർഷകരുടെ ഉന്നമനത്തിനായി സ്വീകരിച്ചിട്ടുള്ള പ്രധാനനടപടികൾ എന്തെല്ലാമാണ്; വിശദവിവരങ്ങൾ നൽകുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 7/2016 മുതൽ 30/05/2019 വരെ 88208 അപേക്ഷകൾ സിറ്റിംഗ് നടത്തി തീർപ്പാക്കിയിട്ടുണ്ട്. അർഹരായ 14552 പേർക്ക് 39,93,95,153/- രൂപ (മുപ്പത്തിയൊമ്പത് കോടി തൊണ്ണൂറ്റിമൂന്ന് ലക്ഷത്തി തൊണ്ണൂറ്റയ്യായിരത്തി ഒരുനൂറ്റിയമ്പത്തിമൂന്ന് രൂപ) കടാശ്വാസമായി നൽകുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ട്. |
| (ബി) | നാഷണലൈസ്ഡ് ബാങ്കുകളിൽ നിന്ന് കർഷകർ എടുത്തിട്ടുള്ള വായ്പയുടെ കുടിശ്ശിക വന്നത് തിരിച്ചടയ്ക്കാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ കമ്മിഷന് ഫലപ്രദമായി എപ്രകാരമാണ് ഇടപെടാൻ കഴിയുക; ഇത്തരത്തിൽ കമ്മീഷൻ ഇടപെടുന്നുണ്ടോ; ആയതിന് എന്തെങ്കിലും നിയമതടസ്സമുണ്ടോ; വിശദാംശം നൽകുമോ; | (ബി) | കർഷക കടാശ്വാസ കമ്മീഷൻ ആക്ട് 2006-ലെ 5(1) വകുപ്പ് പ്രകാരം നാഷണലൈസ്ഡ് ബാങ്കുകളിൽനിന്നും എടുത്തിട്ടുള്ള ലോണുകളിൽ ഉത്തരവ് പുറപ്പെടുവിക്കാൻ കമ്മീഷന് അധികാരമില്ലാത്തതിനാൽ ഫലപ്രദമായി ഇടപെടാൻ കഴിയുന്നില്ല. ഇതിനു പരിഹാരമായി യുക്തമായ നിർദ്ദേശം സമർപ്പിക്കുന്നതിന് സംസ്ഥാനതല ബാങ്കേഴ്സ് സമിതിക്ക് ആസൂത്രണ കൃഷി വകുപ്പുകൾ മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | കാർഷികകടാശ്വാസ കമ്മീഷനെ കുറെക്കൂടി ജനകീയമാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ? | (സി) | കർഷക കടാശ്വാസ കമ്മീഷൻ മുഖേന കാർഷിക വായ്പകൾക്ക് വയനാട് ജില്ലയിൽ 2014 മാർച്ച് 31 വരെയുള്ള വായ്പകൾക്ക് നൽകി വന്നിരുന്ന ആനുകൂല്യം ഇടുക്കി, വയനാട് ജില്ലകളൊഴിച്ച് മറ്റ് എല്ലാ ജില്ലകളിലെയും പ്രളയബാധിത പ്രദേശങ്ങളിലെ കർഷകർക്കും 2014 മാർച്ച് 31 വരെ നൽകുകയും ഇടുക്കി, വയനാട് ജില്ലകളിലെ കർഷകർക്ക് പ്രസ്തുത ആനുകൂല്യം 2018 ആഗസ്റ്റ് 31 വരെ ദീർഘിപ്പിക്കുകയും കർഷക കടാശ്വാസ കമ്മീഷൻ അൻപതിനായിരം രൂപയ്ക്ക് മേലുള്ള കുടിശ്ശികയ്ക്ക് നൽകുന്ന ആനുകൂല്യം ഒരു ലക്ഷം രൂപയിൽ നിന്നും രണ്ട് ലക്ഷം രൂപയായി |

| | | | |
|---|---|---|---|
| | | | വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കർഷക കടാശ്വാസ കമ്മീഷൻ മുഖേനയുള്ള കടാശ്വാസത്തിന് അപേക്ഷ സമർപ്പിക്കുവാൻ 2019 ഒക്ടോബർ 10 വരെ സമയം അനുവദിച്ചിട്ടുണ്ട്.<br>കർഷക കടാശ്വാസ കമ്മീഷന്റെ പരിധിയിൽ വാണിജ്യ ബാങ്കുകളെ ഉൾപ്പെടുത്തുന്ന വിഷയം പരിശോധിക്കുവാൻ കൃഷി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കടാശ്വാസ കമ്മീഷന്റെ ആനുകൂല്യങ്ങൾ പരമാവധി കർഷകർക്ക് ലഭ്യമാകുന്നതിനുള്ള നടപടികൾ ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**